(ഡി) ഈ പദ്ധതിയുടെ എത്ര ശതമാനം പണി പൂർത്തിയാക്കി ;

(ഇ) ശേഷിക്കുന്ന പണികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) 25 ഹെക്ടർ കായൽ നികത്തൽ, എറണാകുളത്തെ വൈപ്പിനുമായി ബന്ധിപ്പിക്കുന്ന 3 പാലങ്ങൾ, അനുബന്ധ റോഡുകൾ, നികത്തു ഭൂമിയിലെ റോഡ് ശൃംഖല മുതലായവയുടെ നിർമ്മാണം എന്നിവയാണ് ഗോശ്രീ പദ്ധതിയിൽ ഉൾപ്പെടുന്ന പരിപാടികൾ.

(ബി) 84 കോടി രൂപ.

(സി) ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് കടമെടുത്താണ് പണി നടത്തുന്നത്. നികത്തിയ സ്ഥലം വിറ്റു കിട്ടുന്ന പണം ഉപയോഗിച്ച് പ്രസ്തുത കടം വീട്ടുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഇപ്പോൾ 60% പണി പൂർത്തിയാക്കി.

(ഇ) 2003 ഡിസംബർ 31-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

വികസന പദ്ധതികൾ സംബന്ധിച്ച സാദ്ധ്യതാ പഠനത്തിനുള്ള കൺസൾട്ടന്റുമാരുടെ നിയമനം

24 (*547) ശ്രീമതി മേഴ്സി രവി :
ശ്രീ. എ. സുജനപാൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് സഹകാര്യ സഹായം നേടുന്നതിന് ബന്ധപ്പെട്ട പദ്ധതികളുടെ സാദ്ധ്യതാ പഠനത്തിന് കൺസൾട്ടന്റുമാരെ നിയോഗിക്കേണ്ടതുണ്ടോ ;

(ബി) അതിന് സഹകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയുമാണോ ; അതോ ഗവൺമെന്റ് ഉദ്യോഗസ്ഥരെയാണോ നിയോഗിക്കേണ്ടത് ;

(സി) സഹകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയുമാണ് കൺസൾട്ടന്റായി നിയോഗിക്കേണ്ടതെങ്കിൽ അതിന് യോജിച്ച വ്യക്തികളെയും സ്ഥാപനങ്ങളെയും ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം കൺസൾട്ടന്റായി നിയമിക്കാൻ പറ്റിയവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ-സി) സ്വകാര്യ നിക്ഷേപം ഉറപ്പാക്കത്തക്ക ഘടകങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ സർക്കാർ കൺസൾട്ടൻസിയായ ഐ.സി.ഐ.സി.ഐ.-കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഖാദി ബോർഡിൽ നിന്നും നല്കുന്ന ലോണുകൾ

25 (*548) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ബോർഡിൽ നിന്നും ഏതെല്ലാം ലോണുകളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ ലോൺ വാങ്ങുന്നവർ പണം തിരികെ അടയ്ക്കുമ്പോൾ രസീത് നല്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ :

(സി) രസീത് നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) രസീത് നൽകാത്തതുകാരണം ഉദ്യോഗസ്ഥർ പണം തിരിമറി നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതിനെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) പണം തിരിമറി നടത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ തുടരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇത്തരത്തിൽ പല കേസുകളും നിലവിൽ ഉണ്ടായിട്ടും എന്തുകൊണ്ടാണ് രസീത് നൽകുവാൻ നടപടി കൈക്കൊള്ളാത്തതെന്ന് വെളിപ്പെടുത്തുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ഖാദി ബോർഡിൽ നിന്നും ഇപ്പോൾ നേരിട്ട് ലോണുകളൊന്നും നൽകുന്നില്ല. എന്നാൽ പ്രോജക്ട് തുകയുടെ 25% മുതൽ 30% വരെ മാർജിൻമണി ഗ്രാന്റോടുകൂടി ബാങ്ക് വായ്പ ലഭ്യമാക്കുന്നു. 1994-95 വരെ ഖാദി കമ്മീഷന്റെ പാറ്റേൺ സ്കീം പ്രകാരവും 1995-96 മുതൽ 2000-01 വരെ കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് പദ്ധതി പ്രകാരവും ലോൺ നല്കിയിട്ടുണ്ട്.

(ബി) 1994 വരെ ബോർഡിൽ നിലവിലിരുന്ന പാറ്റേൺ പദ്ധതിയുടെ തിരിച്ചടവ് അതാത് ജില്ലാ ട്രഷറികളിൽ ചെല്ലാൻ മുഖേന സെക്രട്ടറിയുടെ പി.ഡി. അക്കൗണ്ടിലും 1995-96 മുതലുള്ള കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് പദ്ധതി പ്രകാരമുള്ള തിരിച്ചടവ് ബോർഡ് സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായുമാണ് സ്വീകരിക്കുന്നത്. ബോർഡിന്റെ ഹെഡ് ഓഫീസിൽ മാത്രമേ തിരിച്ചടവ് തുക പണമായി സ്വീകരിക്കാറുള്ളൂ. ആയതിന് രസീത് നൽകാറുണ്ട്. മാർജിൻമണി പദ്ധതി പ്രകാരമുള്ള തിരിച്ചടവ് ബാങ്ക് മുഖേനയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ ചിലവിൽ ലഭ്യമാകുന്ന ചികിത്സയും മറ്റ് അനുബന്ധ സഹായവും

1. ഡ്രഗ്സ് ഫോർ ഓപ്പർച്യൂണിസ്റ്റിക് ഇൻഫെക്ഷൻസ്

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും മിക്ക ജില്ലാ ആശുപത്രികളിലും എച്ച്.ഐ.വി./എയ്ഡ്സ് ബാധിച്ചവരിൽ കാണുന്ന ഓപ്പർച്യൂണിസ്റ്റിക് ഇൻഫെക്ഷൻസിനുവേണ്ട മരുന്നുകൾ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വഴി വിതരണം ചെയ്യപ്പെടുന്നു.

2. പോസ്റ്റ് എക്സ്പോഷർ പ്രൊഫൈലാക്സി

എച്ച്ഐ.വി./എയ്ഡ്സ് രോഗികളെ ചികിത്സിക്കുന്ന ആരോഗ്യപ്രവർത്തകർക്ക് രോഗികളിൽ നിന്ന് അണുബാധയുണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഈ അവസരത്തിൽ രോഗം പകരാതെ ഇരിക്കുന്നതിനുവേണ്ടിയുള്ള മരുന്നുകൾ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വഴി ,എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും മിക്ക ജില്ലാ ആശുപത്രികളിലും, ജനറൽ ആശുപത്രികളിലും വിതരണം ചെയ്തിട്ടുണ്ട്. എയ്ഡ്സ് ബാധിതരായ രോഗികളെ ശുശ്രൂഷിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി തൃശൂരിൽ മാർ കുണ്ടുകുളം മെമ്മോറിയൽ സെന്റർ പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് നൽകുന്നത് കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയാണ്.

അനുബന്ധം IV

[15-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24 (*549)-ന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷത്തിൽ തിരഞ്ഞെടുക്കപ്പെട്ട 15 താലൂക്ക് ആശുപത്രികളിൽ മാനസികാരോഗ്യ ചികിത്സാ വാർഡുകൾ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

നമ്പർ	ജില്ല	താലൂക്ക് ആശുപത്രി
(1)	(2)	(3)
1	കാസർഗോഡ്	കാസർഗോഡ്
2	കണ്ണൂർ	തളിപ്പറമ്പ്
3	വയനാട്	സുൽത്താൻബത്തേരി
4	കോഴിക്കോട്	കൊയിലാണ്ടി
5	മലപ്പുറം	തിരൂർ
6	പാലക്കാട്	മണ്ണാർക്കാട്
7	തൃശൂർ	ചാലക്കുടി

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8	എറണാകുളം		മൂവാറ്റുപുഴ
9	ഇടുക്കി		തൊടുപുഴ
10	കോട്ടയം		കാഞ്ഞിരപ്പള്ളി
11	ആലപ്പുഴ		മാവേലിക്കര
12	പത്തനംതിട്ട		തിരുവല്ല
13	കൊല്ലം		കരുനാഗപ്പള്ളി
14	തിരുവനന്തപുരം		നെടുമങ്ങാട്
15	തിരുവനന്തപുരം		ചിറയിൻകീഴ്

അനുബന്ധം V

[15-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3 (2954)-ന്റെ ഉത്തരം ദയവായി കാണുക]

1. കാലവർഷക്കെടുതിമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും, പട്ടികവർഗ്ഗക്കാർക്കും, തോട്ടം തൊഴിലാളികൾക്കും വിതരണം ചെയ്യുന്നതിനായി 25,000 ടൺ അരി അനുവദിക്കുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.

2. കാലവർഷക്കെടുതിമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിനായി 25 കോടി രൂപ അനുവദിക്കുക.

3. വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 1,022 കോടി രൂപയുടെ ധനസഹായം അനുവദിക്കുക.

4. പ്രകൃതിക്ഷോഭങ്ങളുടെ കാര്യത്തിൽ 50% നാശനഷ്ടം ഉണ്ടായാലേ കേന്ദ്രസഹായം ലഭിക്കുകയുള്ളു എന്ന കർക്കശ നിലപാട് മാറ്റാനും വരൾച്ച/വെള്ളപ്പൊക്ക സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.

5. തേയിലയുടേയും കാപ്പിയുടേയും എക്സൈസ് തീരുവ എടുത്തു കളയുക, തേയില കൃഷിക്കു റിസർവ് ബാങ്ക് വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്ത ആശ്വാസ നടപടികൾ നടപ്പിലാക്കുക.

6. പുനർക്കയറ്റുമതിക്കായുള്ള തോട്ടവിള ഇറക്കുമതികൾ താല്ക്കാലികമായി നിർത്തിവയ്ക്കുക.

LIBRARY ARCHIVES Kerala Legislative Assembly